# സാഹിത്യവാരഫലം

1985/11/17 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1985/11/17-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

സാർവലൗകികമായ അംഗീകാരത്തെ താനേറ്റവും വെറുക്കുന്നുവെന്ന രവീന്ദ്രനാഥടാഗോർ പറഞ്ഞതായി കേശവദേവ് കൂടക്കൂടെ പ്രസംഗിച്ചു ഞാൻ കേട്ടിട്ടുണ്ട്. ജപ്പാനിലോ മറ്റോ മഹാകവി പോയപ്പോൾ അവിടെ നടത്തിയ പ്രഭാഷണത്തിലാണത്രേ അദ്ദേഹം അങ്ങനെ പ്രസ്താവിച്ചത്. ടാഗോറിന് അങ്ങനെയൊരു അഭിപ്രായമുണ്ടായിരുന്നെങ്കിൽ എന്താവാം അതിനു കാരണം? മഹാകവിയുടെ ചിന്താമണ്ഡലത്തിൽ കടന്നുചെല്ലാനുള്ള വൈദഗ്ദ്ധ്യം എനിക്കില്ല. എങ്കിലും എന്റെ ചെറിയ ബുദ്ധികൊണ്ട് അലോചിക്കുകയാണ്. സാർവലൗകികമായ അംഗീകാരം ഉണ്ടാകുമ്പോൾ അഭിനന്ദനവചസ്സുകളുടെ വർഷാപാതം ഉണ്ടാകും. ആ രജതരേഖകളുടെ അകത്ത് ബന്ധനസ്ഥനായിപ്പോകുന്ന കവിയുടെ ചിന്താസ്വാതന്ത്ര്യം നശിക്കുന്നു. ഭാവനയുടെ ചിറകുകൾ തളരുന്നു. സർഗ്ഗശക്തി നശിച്ച് ആ കവി വെറും മൺകട്ടയായി മാറുന്നു. വർഷാപാതമേറ്റ് അലിഞ്ഞലിഞ്ഞ് അപ്രത്യക്ഷനാകുന്നു. ശരിയാണിതെന്നു എനിക്കു തോന്നുകയാണ്. നോബൽ സമ്മാനം കിട്ടിയവരാരും പിന്നീട് ഉത്കൃഷ്ടമായ ഒരു കൃതിപോലും രചിച്ചിട്ടില്ല. ടാഗോറും ഇക്കാര്യത്തിൽ വ്യത്യസ്തനല്ല.

സാർവലൗകികമായ അംഗീകാരത്തെ ചുരുക്കിച്ചുരുക്കിക്കൊണ്ടുവന്ന് ഭാരതത്തെസ്സംബന്ധിക്കുന്ന അംഗീകാരമാവട്ടെ അത്. അവിടെ നിന്നും സങ്കോചമാർന്ന് അത് കേരളത്തെസ്സംബന്ധിച്ച അംഗീകാരമായിക്കൊള്ളട്ടെ. അപ്പോഴും ഇതുതന്നെ സംഭവിക്കും. അംഗീകാരം രൂപം കൊള്ളുന്നത് സ്വീകരണമെന്ന ഓമനപ്പേരിലാണല്ലോ. സ്വീകരണസമ്മേളനങ്ങളിൽ വിമർശനപരമായി ആർക്കും ഒന്നും പറയാൻ വയ്യ. സത്യസന്ധതയുള്ളവർ അത്തരം സമ്മേളനങ്ങളിൽ പോകാതെ ഒഴിഞ്ഞുനില്ക്കും. ക്ലിക്കിൽ പെട്ടവരും ജനിച്ചയുടനെ “അമ്മേ ഞാൻ ഇനി ജീവിതത്തിൽ കള്ളമേ പറയൂ” എന്ന് അവരോടു സത്യം ചെയ്തവരും സഭാവേദികളിൽ ചാടിക്കയറി “ഇദ്ദേഹം മൂന്നു ചക്ക മുള്ളൊടെ വിഴുങ്ങുന്നവനാണ്” എന്നു ഘോരഘോരം പ്രസംഗിക്കുന്നു. കരഘോഷം. ആ കരഘോഷം തന്റെ പ്രഭാഷണപാടവത്തെ അഭിനന്ദിക്കുന്നതിന്റെ ഫലമാണെന്നു തെറ്റിദ്ധരിക്കുന്ന പ്രഭാഷകൻ മൂന്നു ചക്കയെ മുപ്പതു ചക്കയാക്കി തിരുത്തിപ്പറയുന്നു. ഇതൊക്കെ കേട്ടുകൊണ്ട് സഭാവേദിയിലിരിക്കുന്ന അഭിനന്ദിതൻ ആനന്ദിതനായി ‘ജയജയ നാഗകേതന’ എന്ന മുഖസ്തുതി കേട്ട സുയോധനനെപ്പോലെ നട്ടുവ് പിറകോട്ടു വളച്ച് ‘ഗോഗ്വാ’ വിളിക്കുന്നു. ഇങ്ങനെ പത്തു സ്വീകരണസമ്മേളനങ്ങളിൽ പങ്കുകൊണ്ടു കഴിയുമ്പോൾ എഴുത്തുകാരന്റെ വൈമല്യം നശിക്കുന്നു; സത്യശീലത നശിക്കുന്നു. സ്വീകരണ സമ്മേളനങ്ങൾ വാരിക്കുഴികളാണ്. അവയിൽ വീഴുന്ന ആനകൾക്കു പിന്നീട് കാട്ടിൽ ഇഷ്ടംപോലെ അലഞ്ഞു നടക്കാൻ പറ്റില്ല. പിടിച്ചുകൊണ്ടു പോകുന്നവരുടെ ആഗ്രഹമനുസരിച്ച് പൂരത്തിനു നെറ്റിപ്പട്ടം കെട്ടി നിർവഹിക്കേണ്ടതായി വരും. മുറിച്ചിട്ട തടികൾ പിടിച്ച ഫോറസ്റ്റ് ഡിപ്പോയിൽ കൊണ്ടുവരേണ്ടി വരും.

## നന്മയുടെ പ്രകാശം

ആധുനികകാലത്തു പ്രേമവും വാരിക്കുഴി തന്നെ. അതിൽ വീഴുന്ന പെണ്ണിനെ ആണും ആണിനെ പെണ്ണും പിടിച്ചു കരയിലേക്കു കയറ്റുന്നു. പിന്നീട് “ഹസ്തേന ഹസ്തതലമാത്തസുഖം ഗൃഹീത്വാ” നടത്തമാണ്. പക്ഷേ, അതു കുറച്ചു സമയത്തേക്കു മാത്രം. ഏതാനും മണിക്കൂറിനുവേണ്ടിയാണ് അങ്ങനെ പിടിച്ചു കയറ്റുന്നതെങ്കിൽ എന്തിന് അതു ചെയ്യാൻപോയി? അവിടെയാണ് അസ്തിത്വവാദികൾ നമ്മുടെ സഹായത്തിനെത്തുന്നത്. ഓരോ വ്യക്തിയും മറ്റുള്ളവരിൽ നിന്ന് അകന്നു നില്ക്കുന്നു. അകന്നു നില്ക്കുന്ന ഈ വ്യക്തിക്ക് മറ്റൊരു വ്യക്തിയുമായി ഐക്യം പ്രാപിച്ച് തന്റെ ‘അന്യവത്കരണ’ത്തെ നശിപ്പിക്കാനുള്ള ആഗ്രഹമുണ്ട്. ആഗ്രഹത്തിന് സാഫല്യമുണ്ടാകുന്നില്ല. പ്രേമത്തിൽ വീണ് അല്പകാലം കഴിയുന്നതിനുമുൻപ് മോഹഭംഗമുണ്ടാകുന്നു. പ്രേമം വിവാഹത്തിൽ പര്യവസാനിച്ചാൽ മധുവിധു കഴിയുന്നതോടൊപ്പം ആ വികാരവും നശിക്കുന്നു. ഈ മോഹഭംഗമാണ് എക്സ്പ്രസ്സ് വാരികയിൽ ‘കാണികളിലൊരാൾ’ എന്ന ചെറുകഥയെഴുതിയ ശ്രീധരൻ ചമ്പാടിന്റെ വിഷയം. അവൾ സർക്കസ്സുകാരിയാണ്. അവൾ ഉത്കടമായി സ്നേഹിച്ചിരുന്ന ഒരുത്തൻ മറ്റൊരുത്തിയെ വിവാഹം കഴിച്ചു. അവൾ സർക്കസ്സുകാരിയായിത്തന്നെ കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ അവൾ ട്രപ്പീസിൽ വിദ്യകൾ കാണിക്കുന്നതു നോക്കിക്കൊണ്ട് അയാൾ കാഴ്ചക്കാരുടെ കൂട്ടത്തിൽ ഇരിക്കുന്നത് അവൾ കാണുന്നു. വികാരം കൊടുമ്പിരിക്കൊള്ളുന്ന നിമിഷം. അതുകൊണ്ടുതന്നെ അവൾ പിടിവിട്ടു താഴെവീണു മരിക്കാം. എങ്കിലും ആപത്തുണ്ടായില്ല. സർക്കസ്സ് അവസാനിച്ചു. പ്രേക്ഷകർ പോയി. അവരുടെ കൂടെ അയാളും അപ്രത്യക്ഷനായി. ഭൂതകാലത്തിൽ മറഞ്ഞ ഒരു സംഭവത്തെ ചലച്ചിത്രത്തിലെ രംഗംപോലെ പുനരാവിഷ്കരിക്കുന്ന പ്രതീതി വായനക്കാരന്. ഫ്രഞ്ച് കവിയും സംവിധായകനും അഭിനേതാവുമായിരുന്ന ആങ്തൊനാങ് ആർതോ (Antonin Artaud, 1896–1948) “സ്ത്രീയുടെ ഇരുട്ടിൽനിന്നാണ് തിന്മയുണ്ടാകുന്ന”തെന്നു പറഞ്ഞിട്ടുണ്ട്. ഇവിടെ പ്രകാശത്തിൽനിന്ന് ആവിർഭവിക്കുന്ന നന്മ കാണാം.




പ്രേമത്തിന് വിശേഷിച്ചൊരു നിലനില്പ് ഇല്ലെന്നാണ് ഫ്രായിറ്റിന്റെ വാദം. കാമത്തിന്റെ സംശോധിതരൂപമായിട്ടാണ് അദ്ദേഹം പ്രേമത്തെ കാണുന്നത്. എല്ലാ സ്നേഹവും ലൈംഗികാസക്തിയുടെ രൂപാന്തരമാണത്രേ. ഫ്രായിറ്റ് വാഴ്ത്തുന്ന സെക്സിന്റെ പ്രാധാന്യവും ആധുനിക കാലത്തു നഷ്ടപ്പെട്ടിരിക്കുന്നു. സന്തത്യുല്പാദനത്തിനു പോലും സെക്സ് വേണ്ടെന്നാണ് വാദം. ജർമി ചെർഫാസും ജോൺ ഗ്രിബിനും ചേർന്നെഴുതിയ The Redundant Male എന്ന പുസ്തകത്തിൽ സെക്സ് വേണ്ടെന്നുവയ്ക്കുന്ന മൃഗത്തിന് പാർതനോജനിസിസിൽക്കൂടി (Parthenogenesis—കന്യകയുടെ പ്രസവം—ബീജസംയോഗം കൂടാതെയുള്ള ഭ്രൂണത്തിന്റെ വളർച്ച) സന്തതി ലഭിക്കുമെന്നു സ്ഥാപിച്ചിരിക്കുന്നു.

## മുത്തശ്ശിയുടെ മട്ടിൽ




ഏകാന്തത്തിൽ മനുഷ്യൻ വിചിത്രമായി പെരുമാറാറുണ്ട്. ഒരു ദിവസം രാത്രി ഞാനും ബന്ധുക്കളുംകൂടി വഞ്ചിയൂർ എന്ന സ്ഥലത്തെ ഒരു വീട്ടിലേക്കു പോവുകയായിരുന്നു. ഞങ്ങളുടെകൂടെ പ്രശസ്തനായ അഭിനേതാവും മേക്കപ്പ് ആർട്ടിസ്റ്റുമായ കെ. വി. നീലകണ്ഠൻനായർ കൂടിയുണ്ടായിരുന്നു. അദ്ദേഹം മുൻപിൽ നടക്കുകയാണ്. പെട്ടെന്ന് നീലകണ്ഠൻനായർ റോഡിന്റെ മദ്ധ്യഭാഗത്തു നിന്നു. നട്ടെല്ല് പിറകോട്ടു വളച്ചു. ഇടതുകൈയിൽ വില്ലുപിടിച്ചിരിക്കുന്ന അഭിനയം. വലതുകൈ അമ്പ് അയയ്ക്കാൻ ഭാവിക്കുന്ന രീതി. ആ പ്രദേശം മുഴവൻ കേൾക്കുന്ന മട്ടിൽ അദ്ദേഹം അലറി “രാക്ഷസരാജാവായ രാവണാ, നീ എനിക്കു ശഷ്പതുല്യൻ” എന്റെ കാരണവന്റെ ഭാര്യ ഭവാനി അമ്മ “ങേ ങേ കൊച്ചീലാണ്ടാ, എന്തോന്നിത്?” എന്നു ചോദിച്ചു. കൂടെയുണ്ടായിരുന്ന ശേഖരപിള്ള എന്നൊരാൾ “അണ്ണാ” എന്നുവിളിച്ചുകൊണ്ട് ഒറ്റച്ചാട്ടം. കെ. വി. നീലകണ്ഠൻ നായർക്കു ഭ്രാന്തുപിടിച്ചുവെന്നാണ ഞാൻ വിചാരിച്ചത്. ഭ്രാന്തല്ലായിരുന്നു. അക്കാലത്ത് അദ്ദേഹം കൈനിക്കരസ്സഹോദരന്മാർ, പി.കെ. വിക്രമൻനായർ ഇവരോടൊരുമിച്ച് ‘രാമായണം’ നാടകം അഭിനയിക്കുകയായിരുന്നു. പെട്ടെന്ന് അദ്ദേഹം ലക്ഷ്മണനായി മാറിപ്പോയി. വഞ്ചിയൂരെ അക്കാലത്തെ ചെമ്മണ്ണുനിറഞ്ഞ റോഡ് കാനനമാർഗ്ഗമായി തോന്നിപ്പോയി അദ്ദേഹത്തിന്. പാതയുടെ രണ്ടു വശത്തുമുള്ള വീടുകൾ മാമരങ്ങളായും കുറച്ചകലെയുള്ള ശ്രീമൂലവിലാസം ഇംഗ്ലീഷ് ഹൈസ്കൂളിന്റെ വലിയ ഗെയ്റ്റ് ലങ്കയിലേക്കുള്ള പ്രവേശനദ്വാരമായും നീലകണ്ഠൻനായർക്കു തോന്നിയിരിക്കണം. ലക്ഷ്മണൻ വീണ്ടും കെ. വി. നീലകണ്ഠൻനായരാകാൻ കുറെ സമയം വേണ്ടിവന്നു. പിന്നീട് അദ്ദേഹം ലജ്ജിച്ചു നടന്നത് എന്റെ മനക്കണ്ണ് ഇപ്പോഴും കാണുന്നു. മാക്സിം ഗോർക്കിയുടെ Fragments from My Diary എന്ന രസകരമായ പുസ്തകത്തിൽ ഇമ്മട്ടിലുള്ള അനേകം സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ഒരെണ്ണം പറയാം. പാതിരിയായ വ്ളാഡിമിർസ്കി ഒരു ബൂട്ടെടുത്തു മുൻപിൽ വച്ചിട്ട് “ഇനി, പോ” എന്നു പറഞ്ഞു. എന്നിട്ട് “ഹാ, നിനക്കു പോകാൻ വയ്യ അല്ലേ” എന്നു ചോദിച്ചു. തുടർന്ന് അന്തസ്സോടും ആത്മവിശ്വാസത്തോടുംകൂടി അയാൾ ഇങ്ങനെയും കൂട്ടിച്ചേർത്തു: “നോക്ക് എന്നെക്കൂടാതെ നിനക്ക് ഒരിടത്തും പോകാൻ വയ്യ!” ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴാണ് ഗോർക്കി അതൊക്കെ കേട്ടുകൊണ്ടു പാതിരിയുടെ മുൻപിലേക്കു ചെന്നത്. “അച്ചനെന്തു ചെയ്യുന്നു?” എന്നു ഗോർക്കി ചോദിച്ചു. പാതിരി അദ്ദേഹത്തെ സൂക്ഷിച്ചു നോക്കിയിട്ട് മറുപടി നല്കി: “ഈ ബൂട്ടിന്റെ കാര്യം. ഇതിന്റെ അടിത്തോൽ നന്നെ തേഞ്ഞിരിക്കുന്നു. ഇപ്പോഴൊക്കെ മോശമായ ബൂട്ട്സാണ് അവരുണ്ടാക്കുന്നത്.”

ഏകാന്തത്തിൽ മനുഷ്യൻ ഇങ്ങനെ പെരുമാറുന്നതു മനസ്സിലാക്കാം. നാലുപേർ കേൾക്കെ ഉന്മത്തപ്രലപനം നടത്തിയാൽ മനസ്സിലാക്കുന്നതെങ്ങനെ? പൂരവും പ്രേമഭാജനവും ഒന്നുപോലെയെന്നാണ് പെരിങ്ങോട്ടു ശങ്കരനാരായണൻ ബോധത്തികവോടുകൂടി നമ്മളോടു പറയുന്നത്. പൂരത്തിന് ആനയുണ്ട്. അവളും ആന തന്നെ (ഗജരാജവിരാജിത മന്ദഗതിയിൽ) മേനക വിശ്വാമിത്രന്റെ മനസ്സ് ഇളക്കി. പ്രേമഭാജനമാകുന്ന മേനക കാഴ്ചക്കാരായ താടിക്കാരുടെ മനസ്സ് ഇളക്കിവിടുന്നു. പഞ്ചവാദ്യവും ഇലത്താളവും മറ്റും പൂരത്തിൽ പ്രേമഭാജനത്തിന്റെ വളകളുടെ ശബ്ദം പഞ്ചവാദ്യമോ ഇലത്താളമോ ആകാം. പൂരത്തിന് മത്താപ്പ് പ്രേമഭാജനത്തിനു പുഞ്ചിരിയെന്ന മത്താപ്പ്. പുത്തൻ സാരിയുളവാക്കുന്ന ഭാവവിശേഷം അവൾക്ക്, പൂരത്തിനുമുണ്ട് ഭാവവിശേഷം. അറ്റം കൂർത്ത മട്ടിൽ കമ്പിക്കാലിൽ കെട്ടിയിടുന്ന സാറ്റിൻ തുണി പൂരത്തിന്റെ ഒരലങ്കാരവസ്തുവാണല്ലോ. താലങ്ങൾ നിരവധിയുണ്ട് പൂരത്തിന്. കാമിനി പൂത്താലവുമായി വരുന്നു. കുത്തുണ്ട് പൂരത്തിന്. പേക്കൂത്തു നടത്തുന്നു കാമിനി കാമുകനിൽ. പൂരവും പെണ്ണും ഒന്നുതന്നെ. എക്സ്പ്രസ്സ് വാരികയിലെ പൂരം എന്ന ‘കാവ്യം’ നോക്കിയാലും ഇതിലും ഭേദം പ്രേമഭാജനവും എക്സ്പ്രസ്സ് വാരികയും ഒന്നാണെന്നു സ്ഥാപിക്കുകയായിരുന്നു. അതിനു പ്രയാസമൊട്ടില്ലതാനും. മുത്തശ്ശിമാരുടെ മട്ടിൽ ചോദിക്കാൻ തോന്നുന്നു: “ഭഗവാനേ തൃശ്ശൂർ ദേവാലയത്തിൽ കുടികൊള്ളുന്ന തമ്പുരാനേ, എന്തെല്ലാം കണ്ടാൽ ജന്മമൊടുങ്ങും?”


ലാറൻസ് ഡ്യൂറൽ

ലാറൻസ് ഡ്യൂറൽ പേരുകേട്ട ബ്രിട്ടീഷ് നോവലിസ്റ്റാണ്. അദ്ദേഹത്തിന്റെ Justine എന്ന നോവലിൽ “സ്ത്രീയെ മൂന്നുവിധത്തിൽ പ്രയോജനപ്പെടുത്താം; നിങ്ങൾക്കു അവളെ സ്നേഹിക്കാം, അവൾക്കുവേണ്ടി വേദന അനുഭവിക്കാം, അവളെ സാഹിത്യമായി മാറ്റാം.” എന്നു പറഞ്ഞിട്ടുണ്ട്. അവളെ സാഹിത്യമായി മാറ്റുമ്പോൾ തൃശ്ശൂർ പൂരമായും മാറ്റാം എന്നു ഡ്യൂറൽ അറിഞ്ഞില്ലല്ലോ. സായിപ്പേ, നിങ്ങൾക്കു ഹാ. കഷ്ടം.

## മൂല്യങ്ങൾ മാറുന്നു


കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

‘മയൂരസന്ദേശ’മെഴുതിയ കേരളവർമ്മയുടെ കാലം. അദ്ദേഹം ‘ഓടിക്കൂടി,’ ‘ചാടിക്കൂടി,’ ‘തേടിക്കൂടി,’ ‘പാടിക്കൂടി’ എന്നൊക്കെ നാലുവരിയിലും ചേർത്തു കാവ്യം രചിക്കുന്നതു കണ്ട് അക്കാലത്തെ ആളുകൾ ‘ഹാ ഹാ’ എന്ന് അഭിനന്ദനം സൂചിപ്പിക്കുമാറ് അലമുറയിട്ടിരുന്നു. രാജവാഴ്ച നിലവിലിരുന്നതു കൊണ്ടോ വിശാഖംതിരുനാളിന്റെ അടുത്ത ബന്ധുവായിരുന്ന അദ്ദേഹമെന്നതുകൊണ്ടോ ആയിരുന്നില്ല ആ അലമുറ. ജനങ്ങളുടെ സാഹിത്യാഭിരുചി ആ രീതിയിലായിരുന്നു എന്നു മാത്രം. കാലംകഴിഞ്ഞു. ഈ. വി. കൃഷ്ണപിള്ളയുടെ ‘നാടകങ്ങൾ’ അരങ്ങേറിയപ്പോഴും ഈ സ്തുതിഗീതങ്ങൾ കേൾക്കാറായി. ഇന്ന് ആ നാടകങ്ങൾ എന്തെങ്കിലും ചലനമുണ്ടാക്കുന്നുണ്ടോ? ഇല്ലതന്നെ. ഈ. വി.യുടെ കാലത്തെ അഭിരുചിയാണ് ആളുകളെക്കൊണ്ട് ആ സ്തുതിവചനങ്ങൾ ഉദീരണം ചെയ്യിച്ചത്. ചങ്ങമ്പുഴയ്ക്കും ഇടപ്പള്ളി രാഘവൻപിള്ളയ്ക്കും കുറെ വർഷങ്ങൾക്കു മുൻപു ലഭിച്ച അംഗീകാരം ഇന്നില്ല. ഇന്ന് ഒരു കാവ്യഗുണവുമില്ലാത്ത നവീനകാവ്യത്തെ ചിലർ വാഴ്ത്തിക്കൊണ്ടു നടക്കുന്നു. അധികം കാലം വേണ്ട. ഇവരൊക്കെ ബുദ്ധിശൂന്യരായിരുന്നുവെന്ന ഭാവിയിലെ ജനതയിൽനിന്നു പ്രഖ്യാപനമുണ്ടാകും. മാറിമാറിവരുന്ന സാഹിത്യസങ്കല്പങ്ങൾ സാഹിത്യസങ്കല്പത്തിൽ ആഘാതമേല്പിക്കുന്നതിന്റെ ഫലമാണിത്. എന്നാൽ കാലമെത്ര കഴിഞ്ഞാലും രാമചന്ദ്രൻ വയലാർ, മനോരമ ആഴ്ചപ്പതിപ്പിലെഴുതിയ ‘സമാന്തര രേഖകൾ’ പോലുള്ള കഥകളെസ്സംബന്ധിച്ച് അഭിജ്ഞന്മാർക്ക് ഇന്നുള്ള അഭിപ്രായത്തിനു മാറ്റം വരില്ല. കുപ്പത്തൊട്ടി എല്ലാക്കാലത്തും കുപ്പത്തൊട്ടി തന്നെയാണല്ലോ. പണ്ട് ഈ തൊട്ടിയിൽനിന്നു നാറ്റം വന്നിരുന്നു, ഇപ്പോൾ പനിനീർപ്പൂവിന്റെ പരിമളം പ്രസരിക്കുന്നു എന്ന് ആർക്കും പറയാനാവില്ല. സ്ഥിരം പ്രതിപാദനം തന്നെയാണ് ഈ കഥാസാഹസത്തിനുമുള്ളത്. ഒരു പെണ്ണിനെ സ്നേഹിച്ചിരുന്ന ഒരുത്തൻ നാടുവിട്ടു പോയി. ആ അന്യനാട്ടിൽ ഒരു വിധവ അയാളുടെ ജീവിതസഖിയാകാൻ സന്നദ്ധയായിട്ടും അയാൾ അവളെ സ്വീകരിക്കുന്നില്ല. തിരിച്ച് നാട്ടിലെത്തുമ്പോൾ പൂർവകാമുകി സ്വന്തമനുജന്റെ ഭാര്യയായിത്തീർന്നിരിക്കുന്നു. ഈ പൈങ്കിളിക്കഥ ഏതെങ്കിലും കാലത്ത് സാഹിത്യമായി മാറുമോ?

ഈ ചിന്ത വേറൊരു ചിന്തയിലേക്കു നമ്മെ കൊണ്ടുചെല്ലുന്നു. ഇംഗ്ലീഷ് അറിയാൻ പാടില്ലായിരുന്നകാലത്ത് “രണ്ടു നാലുദിനം കൊണ്ടൊരുത്തനെ” എന്ന തുടങ്ങുന്ന വരികൾ ഉത്കൃഷ്ടമായ കവിതയാണെന്ന് ഞാൻ ധരിച്ചിരുന്നു. സെക്കൻഡ് ഫോമിലെത്തിയപ്പോൾ ‘ട്വിങ്കൾ ട്വിങ്കൾ ലിറ്റിൽ സ്റ്റാർ’ എന്നതിനെ ജയിക്കാൻ വേറൊരു കാവ്യമില്ലെന്നു ധരിച്ചുവച്ചു. ഇന്റർമീഡിയറ്റ് ക്ളാസ്സിലെത്തിയപ്പോൾ “അന്നമുണ്ടുകളമോ കബന്ധമുണ്ടുന്നതക്ഷിതിപ യുദ്ധഭൂമിയോ?” എന്നതാണ് പരമോൽകൃഷ്ടമായ കവിതയെന്നു കരുതി. കാലം കഴിഞ്ഞു. വിശ്വസാഹിത്യത്തിലെ മാസ്റ്റർപീസുകളുടെ സൗന്ദര്യം കണ്ടപ്പോൾ ‘ഇന്ദുലേഖ’യും ‘ശാരദ’യും ‘മാർത്താണ്ഡവർമ്മ’യും മറ്റും മൈനർ നോവലുകളാണെന്ന പരമാർത്ഥം എന്റെ മുൻപിൽ തെളിഞ്ഞുവന്നു. പാശ്ചാത്യവിദ്യാഭ്യാസമില്ലാത്ത ചിലർ ഇന്നു ചില മലയാള നോവലുകളെ പൊക്കുന്നുണ്ട്. അവരുടെ മൂല്യനിർണ്ണയം ശരിയല്ലെന്നു മാത്രമേ എനിക്കെഴുതാനുള്ളു. ഓരോ പൂർവകാല കൃതിയുടെയും സ്വഭാവവും മൂല്യവും നവീനകാലത്ത് ആവിർഭവിച്ചുകൊണ്ടിരിക്കുന്ന മാസ്റ്റർപീസുകൾ പരിവർത്തനം ചെയ്യും.

## ചോദിച്ചു നോക്കൂ

നമ്മൾ അന്യൂനമെന്നു കരുതുന്ന രചനകൾപോലും അവയുടെ രചയിതാക്കൾക്ക് അന്യൂനങ്ങളായി തോന്നുകില്ല. അപ്പോൾ അവർ പൂർണ്ണമാക്കാതെ ഇട്ടിട്ടുപോയ രചനകളെക്കുറിച്ച് എന്തുപറയാനിരിക്കുന്നു. ജീവിച്ചിരിക്കുമ്പോൾ സൗകര്യമുണ്ടായിരുന്നെങ്കിൽ അവർ അതു തീകത്തിച്ചുകളയുമായിരുന്നു. കവിയോടും നോവലിസ്റ്റിനോടുമൊക്കെ ചെയ്യാവുന്ന ഏറ്റവും വലിയ അപരാധം അവർ ചവറെന്നു കരുതി തള്ളിയിട്ടിട്ടുപോയ അത്തരം രചനകളെ പ്രകാശിപ്പിക്കുക എന്നതാണ്. കുങ്കുമം വാരികയിൽ ഇപ്പോൾ പരസ്യപ്പെടുത്തിയിരിക്കുന്ന ‘പെണ്ണും വേദാന്തവും’ എന്ന കാവ്യം 1950-ൽ ജനശക്തി വാരികയിൽ പ്രസിദ്ധപ്പെടുത്തിയതാണ്. കലാശൂന്യമെന്നു കണ്ട് അതിന്റെ രചയിതാവായ വയലാർ രാമവർമ്മ തന്റെ ഒരു കാവ്യസമാഹാരഗ്രന്ഥത്തിലും അതു ഉൾപ്പെടുത്താതിരുന്നതാണ്. ഒരു വേശ്യയും ഒരു സന്ന്യാസിയും തമ്മിലുള്ള ബന്ധത്തെ വിലക്ഷണമായി ചിത്രീകരിക്കുന്ന ഈ രചനയിൽ കാവ്യചിന്തകളില്ല, ആകർഷകത്വമുള്ള ഇമേജുകളില്ല, രചനാപാടവമില്ല. എങ്കിലും “സമ്പാദകനായ” പെരുമ്പളം രവി അത് വാരികയുടെ താളിൽ പ്രദർശിപ്പിച്ചിരിക്കുന്നു. “കരഗതമെരാമലമണിവരമുടനപേക്ഷിച്ചു കാചത്തെയെന്തു നീ കാംക്ഷിപ്പതോമലേ” എന്നു പണ്ടു രാവണൻ സീതയോടല്ല ചോദിച്ചത്. ഇരുപതാം ശതാബ്ദത്തിലെ പെരുമ്പളം രവിയെ നേരത്തേ കണ്ടുകൊണ്ട് അദ്ദേഹത്തോടു ചോദിച്ചതാണത്.

രാമവർമ്മ വേശ്യയെ അവതരിപ്പിക്കുന്നു.

> “നടുവിനൊരു വല്ലാത്തവിക്കമുണ്ടാ വീർത്ത
> തുടുമുലകൾതൻ കരിങ്കണ്ണുകൾ നേർത്തതാ
> മുടുതുണികൾ, നിങ്ങൾക്കു കോരിത്തരിച്ചുവോ?”

ഇല്ല. ഒരുകോരിത്തരിപ്പുമില്ല. മാത്രമല്ല. വേശ്യകൾ സന്ദർഭത്തിനൊത്തു പെരുമാറുകയും വേഷംധരിക്കുകയും ചെയ്യുന്നവരാണെന്ന് മനസ്സിലാക്കിയിട്ടുമുണ്ട്. ചെറുപ്പക്കാരനോടാണെങ്കിൽ ഒരു നോട്ടം മാത്രം മതി. ധനികനായ വൃദ്ധനോടാണെങ്കിൽ നോട്ടംകൊണ്ടോ നഗ്നമായ ശരീരത്തിന്റെ പ്രദർശനംകൊണ്ടോ പ്രയോജനമില്ല. പിന്നെന്തുവേണം എന്നു ചോദിച്ചാൽ എനിക്കുത്തരമെഴുതാൻ വയ്യ, ഔചിത്യബോധംകൊണ്ട്. സാർത്രിന്റെ respectable prostitutes ധാരാളമുണ്ട്. ഒരുത്തിയോടു ചോദിച്ചാലും.

## ഇരുട്ടിൽ പ്രകാശം


ലാ റോഷ് ഫൂക്കോ

ഫ്രഞ്ചെഴുത്തുകാരൻ ലാ റോഷ് ഫൂക്കോ (La Rochefoucauld) എഴുതിയ Maxims വായിച്ചിട്ടില്ലെങ്കിൽ അതിന്റെ അർത്ഥം നമ്മൾ സംസ്കാരത്തിന്റെ പ്രധാനപ്പെട്ട ഒരു മണ്ഡലത്തിൽ ചെന്നിട്ടില്ല എന്നതാണ്. 503 ആപ്തവാക്യങ്ങൾ (maxims) അദ്ദേഹത്തിന്റേതായി ഉണ്ട്. മരണാനന്തരവാക്യങ്ങളെക്കൂടി പരിഗണിച്ചാൽ ആകെ 562. ഓരോ ആപ്തവാക്യവും നമ്മെ വിശാലമായ മണ്ഡലത്തിലേക്കു കൊണ്ടുചെല്ലും. ചിലത് എഴുതാം: “സൂര്യനേയോ മരണത്തേയോ അചഞ്ചലനായി നോക്കിയിരിക്കാൻ സാദ്ധ്യമല്ല”, “കഴിഞ്ഞ കാലത്തെ ദൗർഭാഗ്യങ്ങൾ, വരുംകാലത്തെ ദൗർഭാഗ്യങ്ങൾ ജയിച്ചടക്കും. വർത്തമാനകാലത്തെ ദൗർഭാഗ്യങ്ങൾ തത്ത്വചിന്തയെ ജയിച്ചടക്കുന്നു”. “തെറ്റായ പ്രവൃത്തികൾ നമുക്കു മാത്രം അറിയാവുന്നവ ആയിരിക്കുമ്പോൾ അവ വേഗം വിസ്മരിക്കപ്പെടുന്നു”. ഈ വാക്യങ്ങളിലെ സത്യാത്മകതയും വിഷാദാത്മകത്വവും സമൂഹപരിഷ്കരണവാഞ്ഛയും നമ്മളെ ആകർഷിക്കുന്നു. ലാ റോഷ് ഫൂക്കോയുടെ (റോഷ് ഫൂക്കോവിന്റെ എന്നു വേണം) maxims വീട്ടിലുണ്ടായിരിക്കുന്നതു നന്ന്. ദിവസവും ഓരോ വാക്യം വായിക്കുക. ജീവിതത്തെസ്സംബന്ധിച്ച പുതിയ ഉൾക്കാഴ്ച അതു പ്രദാനം ചെയ്യും.

കലാകൗമുദിയിലെ ‘ചരിത്രരേഖകൾ’ വായിക്കുമ്പോഴും എനിക്കു ധൈഷണികമായ സംതൃപ്തി ലഭിക്കാറുണ്ട്. ഒരു പത്രവാർത്ത ചരിത്രരേഖകളിൽ നല്കിയിരിക്കുന്നത് ഇതാ:

> “ദുലീപ് ട്രോഫിക്കു കളിക്കാൻ വന്ന് തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിൽ തങ്ങിയ ക്രിക്കറ്റർമാരുടെ മുറിയിൽ രാത്രി സമയം കുറേ മലയാളി യുവതികൾ കയറിച്ചെന്ന് പറ്റിക്കൂടി. ഒടുവിൽ പൊലീസുചെന്ന് അവരെ പുറത്താക്കേണ്ടിവന്നു.”

ഇതിനു ചരിത്രരേഖകളുടെ കർത്താവ് നൽകുന്ന ഉത്തരം:

> “ആണുങ്ങളില്ലാത്ത വല്ല വീട്ടിലേയും ഗജരാജ്‘കടി’കളുടെ ലിബ്ബിംഗ് വല്ലതും ഈ പൊലീസിനു മനസ്സിലാകുമോ!”

ശരിയാണ്. പക്ഷേ, പുരുഷന്മാരുള്ള വീടുകളിലെയും ഗജരാജവിരാജിത മന്ദഗതിക്കാർ ഇതിനൊക്കെ പോകാറുണ്ട്. ഞാൻ എറണാകുളത്തെ ...ഹോട്ടലിൽ താമസിക്കുന്ന കാലത്ത് കേരളത്തിലെ പല “മൃഗരാജകടി”കളും ഭർത്താക്കന്മാർ വീട്ടിലുണ്ടായിരിക്കെ മറ്റുള്ളവരുമായി രാത്രികഴിച്ചുകൂട്ടാൻ അവിടെയെത്തിയത് നേരിട്ടുകണ്ടിട്ടുണ്ട്. ‘ആ സ്ത്രീയുടെ കൂടെയുള്ളത് അവരുടെ ഭർത്താവല്ലയോ സാർ” എന്നു റിസപ്ഷനിസ്റ്റ് സംശയത്തോടെ ചോദിക്കുമ്പോൾ ആ പാവങ്ങളെ പൊലീസ് പിടിച്ചുകൊണ്ടുപോകാതിരിക്കട്ടെയെന്നു കരുതി. “അതേയതേ എനിക്കു നേരിട്ടറിയാം അയാളെ. അവരുടെ ഭർത്താവു തന്നെ” എന്നു കള്ളം പറഞ്ഞു ഞാൻ അവരെ രക്ഷിച്ചിട്ടുമുണ്ട്.

ലാ റോഷ് ഫൂക്കോയുടെ ആപ്തവാക്യങ്ങൾ അനുഷ്ഠിക്കുന്ന കൃത്യംതന്നെ ടോംസിന്റെ ‘ബോബനും മോളിയും’ എന്ന ഹാസ്യചിത്രം അനുഷ്ഠിക്കുന്നു. നേതാവു രോഗാർത്തനായി ആശുപത്രിയിൽ കിടക്കുന്നു. എല്ലാവർക്കും ഉത്കണ്ഠ. തത്ത്വചിന്തകനായ ആശാൻ അദ്ദേഹത്തെ കണ്ടിട്ടു വരുമ്പോൾ “എന്താ ഇത്തവണ രക്ഷപ്പെട്ടുമോ?” എന്ന് ഒരാളുടെ ചോദ്യം. “രക്ഷപ്പെടും. ഒന്നുകിൽ അദ്ദേഹം അല്ലെങ്കിൽ രാജ്യം”. ഇരുട്ടത്ത് വഴിയറിയാതെ തപ്പിയും തടഞ്ഞും പോകുമ്പോൾ ഒരു പരിചയവുമില്ലാത്ത ഒരാൾ ടോർച്ച് ലൈറ്റ് പ്രകാശിപ്പിച്ചു തന്നാൽ നമുക്ക് എന്തൊരു ആഹ്ലാദം! എന്തൊരു നന്ദി! (ഹാസ്യചിത്രം മനോരമ ആഴ്ചപ്പതിപ്പിൽ.)

## സക്കറിയയുടെ കഥ


സക്കറിയ

ഒരിക്കൽ എന്നെ പേപ്പട്ടി കടിച്ചു സർക്കാരാശുപത്രിയിൽ ചെന്നപ്പോൾ ക്രൂരമായ പെരുമാറ്റമാണുണ്ടായത്. തിരിച്ചു ദുഃഖിച്ചു വരുമ്പോൾ ഡോക്ടർ വി. പി. ശർമ്മയെ കണ്ടു. അദ്ദേഹം എന്നെ രക്ഷിച്ചു. കുന്നൂരു നിന്നു വാക്സിൻ വരുത്തി അദ്ദേഹം കത്തിവച്ചു. ശർമ്മയെ കണ്ടില്ലായിരുന്നെങ്കിൽ ഞാൻ “കുരച്ചു” മരിച്ചേനേ. കഥകളെ സംഗ്രഹിച്ചെഴുതുമ്പോൾ പേപ്പട്ടി എന്നെ കടിച്ചതാണ് ഓർമ്മയിലെത്തുക. സംക്ഷേപിക്കൽ ഒരുതരത്തിലുള്ള ‘പേപ്പട്ടി കടിക്കൽ’തന്നെ. സക്കറിയ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ‘തീവണ്ടിക്കൊള്ള’ എന്ന കഥയുടെ ചുരുക്കമെഴുതാൻ എനിക്ക് അതുകൊണ്ടു മടിയുണ്ട്. എങ്കിലും അതല്ലേ പറ്റൂ. രാജൻ ദാരിദ്ര്യംകൊണ്ട് തീവണ്ടി കൊള്ളയടിക്കാൻ പോയി. കൂടെ മകനുമുണ്ട്. പാർട്ടിക്കാർ ചുവന്നകൊടി കൊടുക്കാത്തതുകൊണ്ട് അവൻ പാളത്തിന്റെ ഒത്ത നടുവിൽ നിന്നുകൊണ്ടു കൈകാണിച്ചു. തീവണ്ടി നിന്നില്ല. അതു കയറി താൻ മരിക്കുമെന്നായപ്പോൾ രാജൻ പാളത്തിൽനിന്ന് ഓടിയിറങ്ങി രക്ഷപ്പെട്ടു. ആരെയും വകവയ്ക്കാത്ത തീവണ്ടി സീൽക്കാരത്തോടെ പാഞ്ഞുപോയി. പ്രതിരൂപാത്മക സ്വഭാവമുള്ള കഥയാണിത്. അനന്തങ്ങളായ അർത്ഥവിശേഷങ്ങൾ അതു ധ്വനിപ്പിക്കുന്നു. മഹനീയമായ രാഷ്ട്രത്തെ ക്ഷുദ്രങ്ങളായ പ്രവർത്തനങ്ങൾകൊണ്ട് കീഴ്പ്പെടുത്താനാവില്ല എന്നത് ഒരാശയം. ഇങ്ങനെ എത്രയെത്ര അർത്ഥവിശേഷങ്ങൾ കഥയുടെ ഓരോ വാക്കും അതിന്റെ സാകല്യാവസ്ഥയിലേക്കുള്ള പരമഫലത്തിലേക്കുചെല്ലുന്നു. ചിന്തോദ്ദീപകവും വികാര പ്രധാനവും ആയ കഥ.

## പലരും പലതും

1. “മയ്യഴിയുടെ ഗാഥാകാരനെക്കുറിച്ച് മറ്റാരോ നടത്തിയ ‘അനശ്വര’ പ്രയോഗത്തെ ഈയടുത്തകാലത്ത് ഒരു പ്രശസ്ത നിരൂപകൻ ശക്തമായി വിമർശിച്ചിരുന്നു. മലയാളത്തിലാകുമ്പോൾ മോശം മറ്റു ഭാഷകളിലാകുമ്പോൾ കേമം എന്ന ‘മുറ്റത്തെ മുല്ല’ കോംപ്ലക്സാണ് ഈ നിരൂപകനെ നയിക്കുന്നതെന്നതിനാൽ നമുക്ക് പ്രയോഗം തുടരാവുന്നതേയുള്ളു. ഠ എന്ന് എൻ. വി. വിനോദ് ചന്ദ്രിക ആഴ്ചപ്പതിപ്പിൽ. വിനോദ് ഗുരോ! ഈ പാപി ഞാനാണോ? എങ്കിൽ ഞാൻ നിരൂപകനൊന്നുമല്ലെന്ന് അങ്ങയെ സവിനയം അറിയിക്കട്ടെ. ഞാൻ വെറുമൊരു ലിറ്റററി ജേർണ്ണലിസ്റ്റ്. ക്രമനിബദ്ധമായ രീതിയിൽ ക്ലാസ്സിക്കുകൾ വായിച്ച് ഉപസ്ഥിതി നേടാത്ത ജേർണ്ണലിസ്റ്റ് മാത്രം.
2. നൂലുപൊട്ടി പട്ടം പറന്നുപോയതിൽ ദുഃഖിക്കുന്ന കുഞ്ഞിനെ ആശ്ലേഷിച്ചുകൊണ്ട് പ്രമീളാദേവി “നിന്നെയെന്മാറിൽ ചേർത്തു വിമൂകം നില്ക്കെ സ്നേഹം നല്കലിലത്രേ, സാക്ഷാൽ മുക്തിയെന്നറിയുന്നു.” എന്നു പറയുമ്പോൾ സഹൃദയന്റെ കണ്ണുകൾ ആർദ്രങ്ങളാവുന്നു. (കവിത ദേശാഭിമാനി ആഴ്ചപ്പതിപ്പിൽ) “കേന്ദ്രമന്ത്രിസഭയുടെ അഴിച്ചു പണിയിൽ ഡോ. കെ. ജി. അടിയോടി അതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നു” എന്ന വാർത്തയെ അവലംബിച്ചുകൊണ്ട് അഭിവന്ദ്യസുഹൃത്തായ ഡി. സി. പറയുന്നു. “നാരായണനും കൃഷ്ണകുമാറും ഒഴിച്ചുള്ള എല്ലാ എം. പി മാർക്കും കാണും അതൃപ്തി”. ഈയുള്ളവനും ഡി. സി.യോടു യോജിക്കുന്നു. ‘നമ്മുടെ’ കെ. ജി. അടിയോടിയെന്നും ‘നമ്മുടെ’ നാരായണനെന്നും ‘നമ്മുടെ’ കൃഷ്ണകുമാറെന്നും തിരുത്തിയെഴുതിയിരുന്നെങ്കിൽ ഡി. സി.ക്ക് അവരോടുള്ള അടുപ്പംകൂടി വ്യക്തമായേനെ. ഡി. സിയോട് വായനക്കാർക്കുള്ള ബഹുമാനവും വർദ്ധിച്ചേനെ (ഡി. സിയുടെ കമന്റ് മനോരാജ്യത്തിൽ).
3. “പത്തുതലയുള്ള രാവണനു കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് എപ്പോഴെന്ന് പറയാമോ” എന്ന് എൻ. കെ. ബഷീർ ദീപികയിലെ സരസനോടു ചോദിക്കുന്നു. “ബസ്സിൽ ടിക്കറ്റെടുക്കുമ്പോൾ” എന്നു സരസന്റെ മറുപടി. രാവണൻ ഷേവ് ചെയ്യുമ്പോഴല്ലേ സരസാ യഥാർത്ഥമായ ബുദ്ധിമുട്ട്?
4. “മുഖ്യമന്ത്രി നീതീകരിച്ചത്” എന്ന് പ്രൊഫസർ മീനാക്ഷി തമ്പാൻ നവയുഗം വാരികയിൽ (ലക്കം 17) എഴുതിയ ലേഖനത്തിൽ. ‘നീതിമത്കരിച്ചത്’ എന്നെഴുതിയില്ലെങ്കിൽ വൈയാകരണൻ പിണങ്ങും പ്രൊഫസറേ.

വൃദ്ധനായ പി. കേശവദേവ് സൗധം നിർമ്മിച്ചു. പാലുകാച്ചിന് അദ്ദേഹത്തിന്റെ ഡോക്ടറെക്കൂടെ വിളിച്ചു. ഡോക്ടർ കെട്ടിടം കണ്ടതിനു ശേഷം കുറെക്കഴിഞ്ഞു കേശവദേവിനോട്: “എൺപത്തഞ്ചായോ?” (എൺപത്തയ്യായിരം രൂപയായോ എന്ന അർത്ഥത്തിൽ.) കേശവദേവ് ഉടനെ ഉത്തരം നൽകി: “നോ, നോ ഐ അയാം ഒൺലി സിക്സ്റ്റിഫൈ.” ദേവ് പറഞ്ഞതാകാമിത്. അല്ലെങ്കിൽ അടൂർ ഭാസിയോ കെ. എസ്. കൃഷ്ണനോ നിർമിച്ചതാകാം.

□

## എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാ മ്മയുടെയും മകനായി 1923 മാർച്ച് 3-നു ശ്രീ എം. കൃഷ്ണൻ നാ യർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപു രം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാ നന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹി ത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവ നം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നി ന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേ ഹം എഴുതിയ (1969 മുതൽ മരണത്തി നു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാര ഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരി ച്ച സാഹിത്യ പംക്തി ആയിരിക്കും. മല യാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോ യതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറി വുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാ രെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാ വ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവ ബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളു ടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരു ന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തി യും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്ന ത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തന ത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേ ഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാ രഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്കു കൊള്ളുന്ന നർമവും മലയാളികളു ടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മക വുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായന ക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നാ യർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫ സർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെ യും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴു ത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താ രതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂ രം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിത നായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോ ഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താ വുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹ ത്തിനു ജി. കെ. ഗോയെങ്കേ പുരസ്കാരം ലഭിച്ചു. കേരള യൂണിവേ ഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർ ശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങ ളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാന ത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശന ത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കി പ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്‌റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014